• പത്രാധിപക്കുറിപ്പ്

# പരാജയപ്പെടുന്ന പാർട്ടികൾ/കക്ഷിരാഷ്ട്രീയം വിജയിക്കുന്ന ജനകീയസമരങ്ങൾ

ഒരു വർഷത്തോളമായി മുരിയാട്ടെ കർഷകർ കൃഷി ചെയ്യാനുള്ള അവകാശത്തിനും സാഹചര്യങ്ങൾക്കുംവേണ്ടി നടത്തിവന്നിരുന്ന സമരം 12 ദിവസമായി തുടർന്ന ഉപവാസസമരത്തിന്റെ ഒടുവിൽ വിജയകരമായി തീർന്നിരിക്കുകയാണ്. മുരിയാട്ടെ കർഷകമുന്നേറ്റത്തിനും അതിന്റെ മുഖ്യസംഘാടകൻ വർഗീസ് തൊടുപറമ്പിലിനും പൊതുസമൂഹത്തിനും അഭിമാനിക്കാവുന്ന വിജയം.

മുരിയാട്, പ്ലാച്ചിമട, അതിരപ്പിള്ളി, കൈനൂർ, കരിമുഗൾ, ബ്രഹ്മപുരം, ഏലൂർ-എടയാർ, ലാലൂർ, മംഗലപുരം, ഞെളിയൻ പറമ്പ്, കരിന്തളം, മാവൂർ, എൻമകജെ............ തുടങ്ങിയവ കേരളത്തിലെ ഏതെങ്കിലും പ്രദേശത്തന്റെ പേരുമാത്രമല്ല. ഉശിരൻ സമരങ്ങളുടെ, പ്രചോദനമാതൃകകളുടെ മറ്റൊരു പര്യായമാണ്. കരിമണൽ ഖനനത്തിനെതിരെയും എക്സ്പ്രസ് ഹൈവെ പദ്ധതിക്കെതിരെയും ജനങ്ങളുടെ സമരം തത്കാലത്തേക്കെങ്കിലും പദ്ധതി തടഞ്ഞത് ഓർക്കുമല്ലോ.

ഭാരതസ്വാതന്ത്ര്യത്തിന്റെ 60 വർഷത്തിലും കേരളപ്പിറവിയുടെ 50-ാം പിറന്നാളിലും സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ഏതൊരു സാധാരണക്കാരനുപോലും മനസ്സിലാക്കാൻ കഴിയുന്നത് നമ്മൾ വിശ്വാസവും പ്രതീക്ഷയും പ്രതിനിധാനവും ഏൽപ്പിച്ച രാഷ്ട്രീയപ്രസ്ഥാനങ്ങളും ഉദ്യോഗസ്ഥസംവിധാനവും ഭരണകൂടവും പരാജയം മാത്രമാണെന്നല്ല, അവ കൂടുതൽ കൂടുതൽ ജനവിരുദ്ധമാണെന്നുമാണ്. പാർലമെന്റ്/നിയമസഭ, ബ്യൂറോക്രസി, കോടതി, മാദ്ധ്യമങ്ങൾ, രാഷ്ട്രീയപാർട്ടികൾ/സംഘങ്ങൾ, പൊതുസമൂഹം ഇവയൊക്കെയുണ്ടായിട്ടും മേൽ സൂചിപ്പിച്ച സ്ഥലങ്ങൾ /പ്രശ്നങ്ങൾ പ്രശസ്തമായതും പ്രസക്തമായിത്തുടർന്നതും അവ ഉന്നയിച്ച അടിസ്ഥാനനീതിയുടേയും പ്രശ്നങ്ങളുടേയും പേരിലായിരുന്നു. ഇവയൊന്നും മുഖ്യധാരാ രാഷ്ട്രീയപാർട്ടികളോ സർക്കാരുകളോ ഉന്നയിച്ചിരുന്നവയല്ല. എന്നുമാത്രമല്ല, ഈ പ്രശ്നങ്ങളൊടെല്ലാം പുറം തിരിഞ്ഞുനിൽക്കുകകൂടി ചെയ്തു. ഈ ജനവിരുദ്ധ രാഷ്ട്രീയപാർട്ടികൾ ജനങ്ങളുടെ താത്പര്യങ്ങൾ കൈയ്യൊഴിഞ്ഞ് മറ്റ് ലാഭങ്ങൾക്കും ലക്ഷ്യങ്ങൾക്കുംവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ലിംഗപരമായും പിന്നോക്കാവസ്ഥയിലായിരുന്നിട്ടും കേരളത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി ഉണർന്നുവരുന്ന എല്ലാ സമരങ്ങളും നയിച്ചതും നേടിയതും ഇരകളുടേയും യാതനകളനുഭവിക്കുന്ന സാദാമനുഷ്യരുടെ, വിശിഷ്യാ സ്ത്രീകളുടെയും ദളിതരുടേയും, മുൻകൈയിലായിരുന്നു. ഈ സമരങ്ങളെ തകർക്കാനും തളർത്താനും മാത്രമല്ല ഈ സമരങ്ങൾ ആവശ്യമാക്കിത്തീർത്തതും മുഖ്യരാഷ്ട്രീയപാർട്ടികളായിരുന്നു. ജനകീയ അജണ്ടകൾ കൈയൊഴിയുകയും ജനശത്രുക്കളായി രാഷ്ട്രീയപാർട്ടികളും സംവിധാനവും മാറുകയും ചെയ്യുമ്പോൾ നിലനിൽപിനും നീതിക്കുംവേണ്ടി മുന്നിട്ടിറങ്ങുകയേ ഒരു ജനാധിപത്യസംവിധാനത്തിൽ മനുഷ്യർക്കാവൂ.

നവഉദാരവത്കരണവും ആഗോളവത്കരണവും അമേരിക്കൻ കുത്തകമുതലാളിത്തവും പരസ്യമായി ഏതാണ്ട് എല്ലാരാഷ്ട്രീയപാർട്ടികളും എതിർക്കുന്നു. വാസ്തവത്തിൽ കൊള്ളലാഭത്തിനുവേണ്ടി എല്ലാ വിഭവങ്ങളും-ജലം, വായു, ഭൂമി, ആരോഗ്യം, തൊഴിൽ, അന്തസ്സ്-സാമാന്യജനങ്ങളിൽനിന്ന് തട്ടിയെടുക്കാൻ കൂട്ടുനിൽക്കുന്ന പിമ്പുകളായി നമ്മുടെ രാഷ്ട്രീയപാർട്ടികൾ മാറിവരുന്നു. പുതിയ കോർപ്പറേറ്റ് മുതലാളിത്തം രണ്ടുകൈയും നീട്ടി പിന്നിലൂടെ സ്വീകരിക്കുകയും ഇടതുവായ്ത്താരി തുടരുകയും ചെയ്യുന്ന, ചതിയാണ് ഇന്നത്തെ രാഷ്ട്രീയം. അങ്ങിനെ കോർപ്പറേറ്റ് ബലാത്സംഗം നടത്താനുള്ള വേദിയായി 'വികസനം' കേരളം പോലുള്ള സമൂഹങ്ങളിൽ അതിവേഗത്തിൽ നടപ്പാക്കുകയാണ്.

ജനങ്ങൾക്കുവേണ്ടിയുള്ള രാഷ്ട്രീയം കൈയൊഴിയുന്ന രാഷ്ട്രീയപാർട്ടികളും എല്ലാ ഭരണകൂടസംവിധാനങ്ങളും പരാജയത്തിലേക്കു നീങ്ങുന്ന സമകാലികസാഹചര്യങ്ങളും ചുറ്റും നിറയുമ്പോൾ സാമൂഹ്യനീതിക്കും അന്തസ്സോടെയുള്ള നിലനിൽപ്പിനും സാധാരണജനങ്ങൾക്ക് സമരം ചെയ്തേതീരു. ജനകീയസമരങ്ങളുടെ രാഷ്ട്രീയം കുറേ വർഷങ്ങളായി ഉണർന്നുവരുന്നുണ്ട്. ഇവയിൽ ചിലത് മുഖ്യധാരാരാഷ്ട്രീയം കൈയടക്കിയിട്ടുമുണ്ട്. സാമൂഹികപ്രവർത്തകർക്കും നീതിബോധമുള്ള ജനങ്ങൾക്കും ഒരു സമൂഹമെന്ന നിലയിൽ മുന്നേറണമെങ്കിലും സ്ഥായിയായി നിലനിൽക്കണമെങ്കിലും ജനാധിപത്യപരമായ രാഷ്ട്രീയം കൂടിയേതീരൂ. രാഷ്ട്രീയം കുഴപ്പമാണ് എന്നു പറഞ്ഞ് മാറിനിൽക്കലല്ല പൊതുവായതിന്റെ തിരിച്ചുപിടിക്കലിലൂടെ ശരിയായ രാഷ്ട്രീയം വികസിപ്പിച്ചുകൊണ്ടുവരലാണ് വലിയ വെല്ലുവിളിയും പുതിയ അടിസ്ഥാനരാഷ്ട്രീയവും.

കഴിഞ്ഞ രണ്ടായിരം ദിവസങ്ങളിലധികമായി പ്ലാച്ചിമടയിൽ തുടരുന്ന അനന്യസാധാരണമായ ജനകീയസമരം കേരളത്തിനും ലോകത്തിനും നൽകുന്ന സന്ദേശം നീതിക്കായി നിരന്തരസമരവും അന്വേഷണവുമാണ്. മുരിയാട് സമരത്തിന്റെ ശുഭാന്ത്യം സാമൂഹികപ്രവർത്തകർക്ക് സന്തോഷത്തിനും ആശയ്ക്കും വകനൽകുന്നുണ്ട്. എന്നാൽ കഴിഞ്ഞ ആറുവർഷമായി പ്ലാച്ചിമട ഉൾപ്പെടെയുള്ള സമരങ്ങളുടെ ദിശ പ്രതീക്ഷയോടൊപ്പം നിരാശയും ഉണ്ടാക്കുന്നു. ആത്മപരിശോധനയോടൊപ്പം കൂടുതൽ ആഴത്തിലുള്ള അന്വേഷണവും വൈവിധ്യപൂർണ്ണമായ ധാർമ്മികസമരവും അതാവശ്യപ്പെടുന്നു.

സൈലന്റ് വാലി സംരക്ഷണസമരത്തിലൂടെ കേരളത്തിൽ ഉണർന്നുഎന്നു കരുതിയ പാരിസ്ഥിതികഅവബോധം വളർന്നുവികസിച്ചുവെന്ന് ആശിക്കാൻ വകനൽകുന്ന കാര്യങ്ങളല്ല അതിരപ്പിള്ളി ഡാം നിർമ്മാണം ഉയർത്തുന്ന ആശങ്കകളും പശ്ചിമഘട്ടമലനിരകളിലെ അവശേഷിക്കുന്ന കാടുകളിന്മേലുള്ള കൈയ്യേറ്റവും. പുഴകളുടെ കാര്യവും കഷ്ടം തന്നെ. മൂന്നാർ, നെല്ലിയാമ്പതി, മെർക്കിൻസ്റ്റൻ, തുടങ്ങിയവ രാഷ്ട്രീയ അഴിമതിയുടെ പ്രശ്നമല്ല സ്വസ്ഥമായും സുരക്ഷിതമായും സുഭിക്ഷമായും ജീവിക്കാനുള്ള മനുഷ്യരുടേയും ജന്തുജീവജാലങ്ങളുടേയും അടിസ്ഥാനാവകാശങ്ങളുടെ അതിജീവനപ്രശ്നമാണ്. ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന ഈ നശീകരണവികസനം. താൽക്കാലികലാഭത്തിനായുള്ള കൊള്ളയും കൊലയും നാം ചെയ്യുന്നത് നമുക്ക് നേരെത്തന്നെയാണ്. മുരിയാട് കർഷകവിജയം നൽകുന്ന ഊർജ്ജം, പ്ലാച്ചിമടയിൽ തുടരുന്ന യാതനയും സമരവും നൽകുന്ന സന്ദേശം ഒരു ജനഭരണത്തിനായി, സൽഭരണത്തിനായി നമ്മൾത്തന്നെ മുന്നിട്ടിറങ്ങുക എന്നത്രേ. അത് മറ്റാരെയും ഏൽപ്പിക്കാതെ പങ്കാളിയാവുക.